നമ്പർ.400244/PTAL06/GPO/2024/1363/(3)

പോത്തൻകോട് ഗ്രാമ പഞ്ചായത്ത് ആഫീസ്
അണ്ട ൂർക്കോണം
പോത്തൻകോട്.പി.ഓ
തിരുവനന്തപുരം
Phone No:04712419238
E-mail:pothencodugp@gmail.com

തീയതി : 24/06/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ ഷാനവാസ് എം
ഫിർദൌസ്, ഖബറഡി,കൊയ്ത്തൂർകോണം പി ഒ, പോത്തൻകോട്

സർ,

വിഷയം:- വസ്തുനികുതി നിർണ്ണയവും ഈടാക്കലും,വസ്തുനികുതി നിർണ്ണയ നടപടികളിന്മേലുള്ള പരാതി- സിറ്റിസൺ അദാലത്ത് സമിതി തീരുമാനം അറിയിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1. താങ്കൾ സിറ്റിസൺ അസിസ്റ്റൻസ് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ള ഡോക്കറ്റ് നമ്പർ BPTVPM30272000006 നമ്പർ പരാതി.
2. പെർമനൻറ് സിറ്റിസൺ അദാലത്ത് സമിതിയുടെ 18/05/2024 മീറ്റിംഗിലെ ലെ തീരുമാനം നമ്പർ 10.

മേൽ സൂചനകൾ ശ്രദ്ധിക്കുക. പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ താങ്കളുടെ ഉടമസ്ഥയിലുള്ള വാർഡ് 16 ലെ 573 നമ്പർ കെട്ടിടത്തോട് ചേർന്ന് 20.34m2 വിപുലീകരണത്തിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിരുന്നതും ആയത് പ്രകാരം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം കംപ്ലീഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് കാണിച്ച് സൂചന 1 പ്രകാരം സമർപ്പിച്ചിരുന്ന പരാതിയുടെ അടിസ്ഥാനത്തിൽ പെർമനൻറ് സിറ്റിസൺ അദാലത്ത് സമിതി താങ്കളെ നേരിൽ കേൾക്കുകയും പ്രസ്തുത സ്ഥലം നേരിട്ടു പരിശോധന നടത്തുകയും ചെയ്തതിൻറേയും അടിസ്ഥാനത്തിൽ സൂചന 2 പ്രകാരം പരാതി തീർപ്പാക്കിയിട്ടുള്ള വിവരം അറിയിക്കുന്നു. സൂചന 2 തീരുമാനം ചുവടെ ചേർക്കുന്നു.

പെർമിറ്റ് പ്ലാനിലും കംപ്ലീഷൻ പ്ലാനിലും പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ള 15m2 വിസ്തീർണ്ണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിലവിൽ 56.17m2 ഉണ്ടെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഓടിട്ടതും പഴക്കം ചെന്നതുമായ ടി കടമുറികൾ റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്നതിനാൽ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിച്ച് നൽകുന്നതിന് സാധിക്കുകയില്ലാത്തതിനാലും പഞ്ചായത്ത് ബിൽഡിംഗ് റൂൾ ചട്ടം 3(1)(11) പ്രകാരം സൈറ്റിൽ നിലവിലുള്ള കെട്ടിടങ്ങളും അംഗീകൃമാണെങ്കിൽ മാത്രമേ ടി സൈറ്റിൽ പുതിയ നിർമ്മാണങ്ങളും നിലവിലെ കെട്ടിടത്തോട് ചേർന്നുള്ള കൂട്ടിച്ചേർക്കലുകൾ/വിപുലീകരിക്കൽ എന്നിവ അനുവദിക്കാൻ പാടുള്ളൂഎന്ന് വ്യവസ്ഥ ഉള്ളതിനാലും പഞ്ചായത്ത് അസ്സസ്സ്മെൻറ് രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ കൂടുതൽ വിസ്തൃതിയുള്ള ഭാഗം പൊളിച്ച് നീക്കേണ്ടതും ആയതിൻ ശേഷം കംപ്ലീഷൻ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷയിന്മേൽ നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതാണെന്നും അദാലത്ത് സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മേൽ നിർദ്ദേശ പ്രകാരം അനധികൃത നിർമ്മാണം പൊളിച്ച് നീക്കി ടി വിവരം രേഖാമൂലം അറിയിക്കേണ്ടതും ആയതിന് ശേഷം താങ്കളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ പരിഗണിക്കുന്നതാണെന്നുമുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പി കെ മുഹമ്മദ് ഷാഫി
സെക്രട്ടറി

പകർപ്പ്: 1. ബഹു ഇൻറേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

Signature Not Verified
Digitally signed by P K MOHAMMED SHAFI
Date: 2024.06.24 14:28:51 IST
Reason: ILGMS Govt. of kerala